**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3111** **25-10-2021 - ൽ മറുപടിയ്ക്ക്**

**ടേക്ക് എ ബ്രേക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | യാത്രികർക്കുവേണ്ടി ടൂറിസം വകുപ്പ് ആവിഷ്കരിച്ച ടേക്ക് എ ബ്രേക്ക് പദ്ധതി ആരംഭിച്ചത് ഏത് വർഷമാണെന്ന് അറിയിക്കുമോ; | (എ) | ടൂറിസം വകുപ്പ് ഡയറക്ടറുടെ 11-12-2014-ലെ P1-19701/2014 പ്രൊസീഡിംഗ്സ് പ്രകാരം ശംഖുംമുഖത്ത് ആദ്യ യൂണിറ്റിന് അനുമതി നൽകി. |
| (ബി) | ആദ്യഘട്ടത്തിൽ എത്ര യൂണിറ്റുകൾ സ്ഥാപിച്ചുവെന്ന് അറിയിക്കുമോ; പദ്ധതിയുടെ ആദ്യ യൂണിറ്റ് സ്ഥാപിച്ചത് എവിടെയെന്ന് വ്യക്തമാക്കാമോ; | (ബി) | സ.ഉ(ആർ.റ്റി) നം. 179/15/ടൂറിസം തീയതി 21/05/2015 പ്രകാരം 8 യൂണിറ്റുകൾക്കും സ.ഉ(ആർ.റ്റി) നം. 370/15/ടൂറിസം തീയതി 22/08/2015 പ്രകാരം 11 യൂണിറ്റുകൾക്കും അനുവാദം നൽകി. ആകെ 16 യൂണിറ്റുകൾ സ്ഥാപിച്ചു. 4 യൂണിറ്റുകൾക്ക് സ്ഥലം ലഭ്യമല്ലാത്തതിനാൽ സ്ഥാപിച്ചിട്ടില്ല. ടേക്ക് എ ബ്രേക്കിന്റെ ആദ്യ യൂണിറ്റ് സ്ഥാപിച്ചത് ശംഖുമുഖത്താണ്. |
| (സി) | പുതിയ ടേക്ക് എ ബ്രേക്ക് യൂണിറ്റുകൾ ആരംഭിക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; എത്ര തുക ഇതിനായി വകയിരുത്തിയിട്ടുണ്ട്; വിശദമാക്കാമോ; | (സി) | ഇല്ല. |
| (ഡി) | ആദ്യഘട്ടത്തിൽ ആരംഭിച്ച യൂണിറ്റുകളിൽ ചിലത് വ്യാപാരസ്ഥാപനങ്ങളായി പരിവർത്തനം ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവ പുനസ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും ആയത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ